"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം LBRD-C2/32/2025-LBRD
തൊഴിലും നൈപുണ്യവും (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 25-04-2025

<u>സർക്കുലർ</u>

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ കളിലെ ട്രെയിനികൾക്ക് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത, മയക്ക്മരുന്ന് ഉപയോഗം എന്നിവയ്ക്കെതിരെ കൃത്യമായ കൗൺസലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നത് - സംബന്ധിച്ച്.

**********************

യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങളും, ആത്മഹത്യാ പ്രവണതയും, മയക്കമരുന്ന് ഉപയോഗവും കണക്കിലെടുത്ത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ കളിൽ ട്രെയിനികൾക്ക് ടി വിഷയത്തെ സംബന്ധിച്ച് കൗൺസലിംഗ് നൽകുന്ന വിഷയത്തിൽ അതാത് ഐ.ടി.ഐ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണെന്നും, കൂടാതെ മയക്ക മരുന്നുകളുടെ ഉപഭോഗത്തിനെതിരെ കൃത്യമായ അവബോധം നിരന്തരം നൽകേണ്ടതാണെന്നും, കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് കൃത്യമായ ദിശാബോധം നൽകുന്നതിനും, ഈ മേഖലയിൽ വിദഗ്ധരായിട്ടുള്ള വ്യക്തികളുടെ സഹായത്തോടെ കൂട്ടതലായി കൗൺസലിംഗ് നടത്തുന്നതിനും ലഹരിവിരുദ്ധപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.

കൂടാതെ, ഐ.ടി.ഐ അദ്ധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെട്ട ഒരു കമ്മറ്റി ഓരോ സ്ഥാപനങ്ങളിലും രൂപീകരിക്കുകയും ലഹരി വിരുദ്ധ സന്ദേശങ്ങൾ, പ്രതിജ്ഞ, ലഹരിയുടെ ദൂഷ്യവശങ്ങൾ ചൂണ്ടിക്കാണിക്കുന്ന സെമിനാറുകളും ചിത്രപ്രദർശനങ്ങളും നടത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾ ചെയ്യേണ്ടതാണ്. എല്ലാ ഐ.ടി.ഐ കളിലും ഈ വിഷയങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതും ഈ

വിഷയത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഐ.ടി.ഐ പ്രിൻസിപ്പൽമാർക്കും

നൽകേണ്ടതുമാണ്.

ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പകർപ്പ്

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഐ.ടി.ഐ പ്രിൻസിപ്പൽമാർക്കും (ട്രെയിനിംഗ് ഡയറക്ടർ മുഖേന)
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി ക്ക്.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 04-06-2025 10:49:50
സെക്ഷൻ ഓഫീസർ